**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4527** **19-07-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്ഥാപനങ്ങളെ കാർബൺ ന്യൂട്രൽ ആക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2022-ലെ പരിസ്ഥിതിദിന സന്ദേശത്തിന്റെ ഭാഗമായി വനംവകുപ്പ് എന്തെല്ലാം പുതിയ കർമ്മപദ്ധതികൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | 2022-ലെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നട്ടുപിടിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി വനം വകുപ്പ് 14 ജില്ലകളിലായി 12.39 ലക്ഷം തൈകൾ ഉൽപാദിപ്പിച്ചിരുന്നു. ഇതിൽ 8.23 ലക്ഷം വൃക്ഷത്തൈകൾ ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് നട്ടുപിടിപ്പിക്കുന്നതിനും/വിതരണം ചെയ്യുന്നതിനുമായി ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ വൃക്ഷസമൃദ്ധി പദ്ധതി പ്രകാരം 43 ലക്ഷം തൈകൾ മഹാത്മാഗാന്ധി ഗ്രാമീണ ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം നട്ട് പിടിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ഉൽപാദിപ്പിച്ചിട്ടുണ്ട്. ഇതിനാവശ്യമായ വിത്തുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗമാണ് പഞ്ചായത്തുകൾക്ക് നൽകിയത്. പരിസ്ഥിതി അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനായി അവബോധക്ലാസുകൾ ഇതിനോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ തുടങ്ങിയ തദ്ദേശ സ്ഥാപനങ്ങളെ കാർബൺ ന്യൂട്രൽ ആക്കുന്നതിന് വനംവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ മുഖേന വൃക്ഷസമൃദ്ധി പദ്ധതിയിൻ കീഴിൽ കാർബൺ ന്യൂട്രൽ ലക്ഷ്യം കൈവരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ വനം വകുപ്പ് നടപ്പിലാക്കുന്ന വിദ്യാവനം, നഗരവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് എന്നിവ കാർബൺ ന്യൂട്രൽ എന്ന ലക്ഷ്യം കൈവരിക്കാൻ സഹയകരമാകുന്ന പ്രവർത്തികളാണ്. |

സെക്ഷൻ ഓഫീസർ